# Kerala State Haj Committee

HAJ HOUSE, P.O. CALICUT AIRPORT,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 2717571
Fax: 0483 -2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com


Ref. H2-60/2017/KH

Date : 15-06-2017

**ഹജ്ജ് 2017**

## അറിയിപ്പ്

## ഹജ്ജ് വളണ്ടിയർ (ഖാദിമുൽ ഹുജ്ജാജ്)

## ഇന്റർവ്യൂ ജൂൺ 19, 20 തിയ്യതികളിൽ

ഈ വർഷത്തെ (2017) പരിശുദ്ധ ഹജ്ജ് വേളയിൽ സൗദി അറേബ്യയിൽ ഹാജിമാർക്ക് സേവനം ചെയ്യുന്നതിനുള്ള ഹജ്ജ് വളണ്ടിയർമാരായി (ഖാദിമുൽ ഹുജ്ജാജ്) തെരെഞ്ഞെടുക്കപ്പെടുന്നതിന് അപേക്ഷ നൽകിയവർക്കുള്ള ഇന്റർവ്യൂ **2017 ജൂൺ 19, 20 (തിങ്കൾ, ചൊവ്വ) എന്നീ രണ്ട് ദിവസങ്ങളിലായി** രാവിലെ 9 മണി മുതൽ കാലിക്കറ്റ് എയർപോർട്ട് റോഡിലുള്ള (കരിപ്പൂർ) ഹജ്ജ് കമ്മിറ്റി ഓഫീസിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഹജ്ജ് വളണ്ടയിയറായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ ഇത് സംബന്ധമായി ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ സർക്കുലറിൽ (സർക്കുലർ നമ്പർ 12) നിന്ന് മനസ്സിലാക്കാവുന്നതാണ്. സർക്കുലർ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റർവ്യൂവിന് ഹാജരാകുന്നതിന് കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ഇന്റർവ്യൂവിന് ക്ഷണിക്കപ്പെട്ട അപേക്ഷകരുടെ പേരുവിവരം, ഇന്റർവ്യൂ തിയ്യതി/ സമയം എന്നിവ ഹജ്ജ് കമ്മിറ്റിയുടെ www.keralahajcommittee.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ആക്ഷേപമുള്ളവർ 17-06-2017ന് വൈകീട്ട് 4 മണിക്കുള്ളിൽ അവരുടെ എല്ലാ രേഖകളുടെയും ഒറിജിനൽ സഹിതം ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ട് ഹാജരാകേണ്ടതാണ്. അതിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

ഇന്റർവ്യുവിന് വരുന്നവർ അവർക്ക് ഹജ്ജ് വളണ്ടിയറായി തെരഞ്ഞെടുക്കപ്പെടുവാനുള്ള യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ആയത് തെളിയിക്കുന്നതിന്നാവശ്യമായ എല്ലാ രേഖകളുടെയും ഒറിജിനൽ ഇന്റർവ്യുവിന് ഹാജറാക്കേണ്ടതുമാണ്.

(ഒപ്പ്)
അസിസ്റ്റന്റ് സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി